പോലീസ് ഡിപ്പാർട്ടുമെൻറിലെ പട്ടികജാതിക്കാർ.

* 1776. [23] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാരിലും, പട്ടികജാതിയിൽനിന്നും മതപരിവർത്തനം ചെയ്ത ക്രസ്ത്യാനികളിലും ആയി പോലീസ് ഡിപ്പാർട്ടുമെൻറിൽ ആകെ എത്രപേർ ഉണ്ട് ;

(ബി) അതിൽ കാൺസ്റ്റബിളും ഹെഡ് കാൺസ്റ്റബിളും എത്ര ;

(സി) സ്ത്രീ പോലീസ് എത്ര ;

(ഡി) ഏതെങ്കിലും സമുദായത്തിൽനിന്നും, ഹെഡ് കാൺസ്റ്റബിൾ പ്രമോഷൻ കൊടുക്കണമെന്നു ബഹുമാനപ്പെട്ട ഗവണ്മെൻറിനു നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഇ) കിട്ടിയിട്ടുണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(എഫ്) ഏതെങ്കിലും പരിതഃസ്ഥിതികളിൽ ഇവർക്ക് പ്രമോഷൻ നൽകാൻ ബഹുമാനപ്പെട്ട ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) 299.

(ബി) കാൺസ്റ്റബിൾസ് 258. ഹെഡ് കാൺസ്റ്റബിൾസ് 27.

(സി) ഒന്ന്.

(ഡി) ഉണ്ട്. 351 ഇസ്രയിൽ എന്ന പോലീസ് കാൺസ്റ്റബിളിനു പ്രമോഷൻ നൽകണമെന്നു ക്രൈസ്തവർ സമുദായ സംഘടനയിൽനിന്നും ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത കാൺസ്റ്റബിളിനു ഹെഡ് കാൺസ്റ്റബിൾ പ്രമോഷനു സമയം വരുമ്പോൾ അർഹിക്കുന്ന പരിഗണന നൽകുന്നതാണെന്ന മറുപടി അറിയിച്ചിട്ടുണ്ട്.

(എഫ്) പട്ടികജാതിക്കാർക്കും പിന്നോക്കസമുദായക്കാർക്കുമെല്ലാം റിക്രൂട്ടുമെൻറിനെ സംബന്ധിച്ചിടത്തോളമേ സംവരണവ്യവസ്ഥ ബാധകമാകയുള്ളൂ. പ്രമോഷനെ സംബന്ധിച്ചുള്ള വ്യവസ്ഥ എല്ലാവർക്കും ഒരുപോലെ ബാധകമാണ്.

ശ്രീ. ടി. കൃഷ്ണൻ : പുതിയതായി പോലീസിലേയ്ക്ക് ആളെടുക്കുമ്പോൾ സമുദായപ്രാതിനിദ്ധ്യം നോക്കുമോ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെയാണല്ലോ ഡിപ്പാർട്ടുമെൻറിൽ റിക്രൂട്ടുമെൻറ് നടത്തുന്നത്.

ശ്രീ. കെ. കുഞ്ഞാമു : ക്രൈസ്തവർ സമുദായം പട്ടികജാതിയിൽപ്പെട്ട സമുദായമാണോ ?

ശ്രീ. സി. അച്യുതമേനോൻ : അറിവില്ല.

ശ്രീ. ടി. കൃഷ്ണൻ : ഇപ്പോൾ സ്പെഷ്യൽ പോലീസിലേയ്ക്ക് ആളെടുക്കാൻ പോകുന്നു എന്നു പത്രങ്ങളിൽ കണ്ടതു ശരിയാണോ ?

ശ്രീ. സി. അച്യുതമേനോൻ : അതു ശരിയാണ് പക്ഷേ ഈ ചോദ്യവുമായിട്ടു ബന്ധമില്ല.

ശ്രീ. ടി. കൃഷ്ണൻ : അതിൽ പട്ടികജാതിക്കാരേയും പിന്നോക്കസമുദായങ്ങളേയും എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ : അതു് ശമ്പളമില്ലാത്ത ഉദ്യോഗമാണു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഈ സ്പെഷ്യൽ പോലീസിലേക്കു സ്ത്രീകളെ റിക്രൂട്ടു ചെയ്യുമോ ?

ശ്രീ. സി അച്യുതമേനോൻ : ആവശ്യമുണ്ടെന്നു കണ്ടാൽ റിക്രൂട്ടു ചെയ്യേണ്ടിവരും.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ശമ്പളമില്ലാതെയാണോ പോലീസിലേക്കാളെടുക്കാനുദ്ദേശിക്കുന്നതു് ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെയാണു്.

ശ്രീമതി ലീലാ ദാമോദരമേനോൻ : അവർക്കെന്തെങ്കിലും റെമ്യൂണറേഷൻ കൊടുക്കുമോ ?

ശ്രീ. സി. അച്യുതമേനോൻ : അവരുടെ ചെലവു നിർവ്വഹിക്കും.

ശ്രീ. സി. എ. മാത്യു : അവർക്കു് അലവൻസു് എന്താണു് ?

ശ്രീ. സി. അച്യുതമേനോൻ : ഒരു ദിവസം ഡി. എ. എന്താണെന്നു വച്ചാൽ അതു കൊടുക്കും.

ശ്രീ. മാടത്തുഗോപിനാഥപിള്ള : ഒരു ദിവസം എന്താണു് ഡി. എ.

ശ്രീ. സി. അച്യുതമേനോൻ : രണ്ടു രൂപ.

Appointments in the Special Branch of the Police Department.

* **1777. [24] Shri K. Hassan Gani** : Will the Minister for Finance be pleased to state :

(a) The number of appointments made in the Special Branch of the Police Department during the period from 5-4-57; and

(b) A community-war statement of such appointments in each grade ?

Minister for Finance **(Shri C. Achutha Menon)** :

(a) 20.

(b) L. D. Clerks—

Nair	....	7
Ezhava	....	5
Muslim	....	1
Brahmin	....	1
Syrian Christian	....	3
Ganakan	....	1
Veera Saivan	....	1
Shorthand reporter—		
Nair	....	1

ശ്രീ. കെ. ഹസ്സൻ ഗനി : സാമുദായിക പ്രാതിനിധ്യമനുസരിച്ചാണോ ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളതു് ?

LIBRARY ARCHIVES Kerala Legislative Assembly